LIBRARY ARCHIVES Kerala Legislative Assembly

തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടി

237 (1609) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതുസംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ കടിയേറ്റവർക്ക് ചികിത്സാ സഹായം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2-9-2014-ലെ സ.ഉ.(സാധാ) നമ്പർ 2306/2014/തസ്വഭവ, 16-10-2014-ലെ സ.ഉ.(സാധാ) നമ്പർ 2673/2014/തസ്വഭവ ഉത്തരവുകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേയ്ക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. നായ്ക്കളുടെ കടിയേറ്റു വരുന്നവർക്കുള്ള ചികിത്സാ സൗകര്യങ്ങൾ ആശുപത്രികളിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. പേവിഷബാധയ്ക്കെതിരെ മരുന്നുകൾ, ആന്റിറാബീസ് വാക്സിൻ തുടങ്ങിയവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ ആരോഗ്യവകുപ്പ് നടത്തുന്നുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായും ഫലപ്രദമായിട്ടില്ല.

(സി) തെരുവ് നായ്ക്കളുടെ ആക്രമണംമൂലം പരുക്കേറ്റവർക്ക് സഹായവും ചികിത്സയും നൽകുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

ആധുനിക വാതകാധിഷ്ഠിത ശ്മശാനം

238 (1610) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് മോഡേൺ ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതെന്ന് വിശദീകരിക്കുമോ ;